

# G.H.S.S YEROOR

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

**GHSS YEROOR**

**PIN: 691312**

# ലക്ഷ്യങ്ങൾ .....

ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു . ബോധന ശാസ്ത്രം , പഠന മന ശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രയോഗികാനുഭവങ്ങളും കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളുടെ നിർമാണവും പടനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു . എല്ലാ വിഭാഗം കുട്ടികളുടെയും പഠന പുരോഗതി സമഗ്രമാക്കണമെങ്കിൽ കാലോചിതമായി പാഠ്യ പദ്ധതി നവീകരണം നടത്തിക്കൊണ്ടിരിക്കുകയും സംവിധാനത്തെ പ്രവർത്തനനിരതമാക്കുകയും ചെയ്താൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാകുക.ഇന്ത്യയിലാകട്ടെ 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണനമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറി കഴിഞ്ഞു . അവകാശാധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾ വികസിനപരിപ്രേഷ്യം നടപ്പാക്കുന്നതിന് പാഠ്യ പദ്ധതിയെ അന്തർദേശിയ നിലവാരത്തിൽ എത്തിക്കേണ്ടതുണ്ട് . അന്തർദേശീയ നിലവാരം എന്നത് ഏതെങ്കിലും ഒരു രാജ്യത്തിൻറെ നിലവാരമില്ല . ഒരു പ്രത്യേക നിലവാരം നേരിടുന്ന കുട്ടി ലോകത്തു എവിടെയാണെങ്കിലും ആർജ്ജിക്കേണ്ട അറിവുകളുടെയും അനുഭവങ്ങളുടെയും ആകെത്തുകയാണ് . ഇതിൽ കുട്ടിയുടെ പങ്കാളിത്തം ലഭ്യത സംരക്ഷണം എന്നിവ ഉറപ്പ് വരുത്തണം പഠനനേട്ടങ്ങൾക്കു ഊന്നൽ നല്കുന്ന വിലയിരുത്തൽ സമപാനം ആണ് സ്വീകരിക്കേണ്ടത് . പഠന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പഠിതാവിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കണം . വിമർശനാത്മക ചിന്ത യുക്തി ചിന്ത പഠനത്തിന്റെ പ്രതിഫലനവും പ്രകടനവും പരസ്പര ബന്ധിതമായ അറിവ് തുടങ്ങിയവ പഠനനേട്ടങ്ങൾക്കു ഊന്നൽ നൽകിയുള്ള പഠനത്തിന്റെ സവിശേഷതകളാണ് . ഇപ്രകാരം വൈജ്ഞാനിക തലത്തിലും സാമൂഹ്യ വൈകാരിക തലത്തിലെയും പഠിതാവിന്റെ ശേഷിയും അറിവും കഴിവും താത്പര്യവും ഉറപ്പിക്കുന്ന സമഗ്രമായ പഠനപ്രവർത്തനങ്ങൾ അസ്സോത്രണം ചെയ്യണം എങ്കിൽ മാത്രമേ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടിക്ക്

പ്രാപ്തമാവുകയുള്ളു. ഇതിൽ വിദ്യാലയവും സ മൂഹവും കൈകർക്കണം എല്ലാ കുട്ടികളെയും ഉൾകൊള്ളുന്നതിനും പരിഗണനയും സഹായവും ശ്രദ്ധയും നൽകുന്നതുമായ നീതിപൂർവമായ ഗുണമേന്മ വിദ്യാഭ്യാസാം ഉറപ്പുവരുത്തുകയുമാണ് ഈ ആസൂത്രണത്തിന്റെ പരമമായ ലക്ഷ്യം

- 1 മുതൽ 12 വരെ ക്ലാസ്സിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ )ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ചു നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക ( പഠന വിഷയത്തിൽ ആശയ ദൃഢത ഉണ്ടാകണം , കലാ കായിക പ്രവൃത്തി പരിസ്ഥിതി വിജ്ഞാനം തുടങ്ങിയവ കൈവരിക്കണം ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയ ശേഷി നേടണം )
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും
- ക്ലാസ് മുറികളിൽ ICT അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമം ആക്കും
- കല കായിക പ്രവർത്തി പരിചയ മികവ് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസകാരിക സൗകര്യങ്ങൾ ഒരുക്കും
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കും
- പഠനത്തിലെ പിന്നാക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യ പദ്ധതിയുടെ സത്ത ഉൾക്കൊണ്ടു ലഭ്യമാക്കും
- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദ ധായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും
- സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനികവൽക്കരിച്ചു പഠനപ്രക്രിയയുടെ ഭാഗമാകും

- ലഘു പഠന യാത്രകൾ പഠന ക്യാമ്പുകൾ ശില്പശാലകൾ വിദഗ്ദ്ധരുടെ ക്ലാസ്സുകാൽ സെമിനാറുകൾ പ്രൊജെക്ടുകൾ തുടങ്ങി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- കാർഷിക സംസ്കാരം പുതിയ തലമുറയെ വാർത്തെടുക്കുക മാലിന്യ നിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കുക
- മദ്യപാനം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാകുന്ന വിധം ഇടപെടലുകൾ നടത്തും
- പ്ലാസ്റ്റിക് മുക്ത -കീടനാശിനി മുക്ത-ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കും
- ക്യാമ്പസ് തന്നെ പാഠ പുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്തു " ജൈവ വൈവിധ്യ ഉദ്യാനം" എന്ന ആശയം നടപ്പാക്കും
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രേത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും
- വിദ്യാഭ്യാസ ജനകീയവൽക്കരണം അർത്ഥ പൂർണ്ണമാക്കും
- തൊഴിൽ അധിഷ്ഠിത വിദ്യഭ്യാസത്തിനു അവസരം ഒരുക്കും
- കുട്ടികൾക്കായി ഗൈഡൻസ് , കൗണ്സിലിംഗ് സൗകര്യങ്ങൾ ഒരുക്കും
- സ്കൂൾ പ്രവർത്തങ്ങൾ ഫല പ്രദമാക്കുന്നതിനു ജനക്കെയാ ഇടപെടൽ ഉറപ്പാക്കുക , പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും
- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകും വിധം പ്രയോജനപ്പെടുത്തും

# ACADEMC MASTER PLAN

# 2025 – 26

## H S – BIOLOGY

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ കൗതുക, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.റ്റി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2. ശാസ്ത്ര ലോകത്തേക്ക് നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | • ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. **ഹൈ–ടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | • ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.റ്റി.എ |
| 4. ആയുർരേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | • കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.<br>• സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്ലാസ്സുറൂമുകൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.റ്റി.എ |
| 5. വൈജ്ഞാനിക ബഹിർസ്ഫുരണം, അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ | • സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | രക്ഷിതാക്കൾ |

# ACADEMC MASTER PLAN

## H S – PHYSICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്രാഭിരുചി വളർത്തൽ | • ലഘുപരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ശാസ്ത്രാഭിരുചി വളർത്തുന്നു.<br>• തങ്ങൾ മനസ്സിലാക്കിയ ആശയങ്ങൾ പൊതുസമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു. (പഠനോത്സവം) | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 2. മോഡലുകളുടെ നിർമ്മാണം | • കുട്ടികൾ പഠിച്ച ആശയങ്ങൾ ഉൾക്കൊണ്ട്, ഉപകരണങ്ങൾ നിർമ്മിക്കുന്നു. അവ നൂതനമായി ആവിഷ്കരിക്കുന്നു. (പെരിസ്കോപ്പ്, ലാക്ടോമീറ്റർ, ഇലക്ട്രോസ്കോപ്പ്, etc.) | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.റ്റി.എ, രക്ഷിതാക്കൾ |
| 3. ശാസ്ത്രവും സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നു. | • കുട്ടികൾ പഠിക്കുന്ന ആശയങ്ങൾ, വീഡിയോകൾ, 3D അനിമേഷൻ എന്നിവയിലൂടെ കണ്ട് പഠിക്കുന്നതിനാവശ്യമായ പുത്തൻ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | അധ്യാപകർ | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| 4. ശാസ്ത്രതത്വങ്ങൾ നിത്യജീവിത ത്തിൽ ഉപയോഗ പ്പെടുത്തുന്നു. | • 3pin, fuse, ലെൻസ് ഇവയുടെ നിത്യജീവത്തിലെ പ്രാധാന്യം മനസ്സിലാക്കുന്നു.<br>• ഇവ അവശ്യാനുസരണം ഉപ യോഗിക്കാൻ പ്രാതനാക്കുന്നു. | അക്കാദമിക വർഷം | | പി.റ്റി.എ |
| 5. പുനഃസൃഷ്ടി ക്കാൻ കഴിയുന്ന ഊർജ്ജ സ്രോത സ്സുകളെ തിരിച്ചറി യുന്നു. | • സോളാർ സെല്ലുകൾ പരിചയ പ്പെടുന്നു.<br>• ഊർജ്ജ പ്രതിസന്ധി മനസ്സി ലാക്കി ഊർജ്ജ നഷ്ടം ഒഴിവാ ക്കാൻ പഠിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ രക്ഷിതാ ക്കൾ | പി.റ്റി.എ |
| 6. സമൂഹത്തിൽ നിയമങ്ങൾ പാലി ക്കേണ്ടതിന്റെ ആവശ്യകത | • റോഡ് സുരക്ഷ, ശബ്ദമലിനീ കരണം, വൈദ്യുതോർജ്ജ സംരക്ഷണം, പ്രകാശ മലിനീക രണം ഇവയുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കാൻ കുട്ടി കൾ പ്രാപ്തരാകുന്നു. | അക്കാദമിക വർഷം | | പി.റ്റി.എ |

# ACADEMC MASTER PLAN

# 2025 – 26

## U P – SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ അവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br>**ഓർമ്മച്ചെപ്പ്-**<br>അന്തർദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിദ്ധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. ജനാധിപത്യപര മായ ജീവിത സമീ പനം രൂപപ്പെടു ത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങ ത്തേക്ക് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സി ലാക്കുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങ ളെക്കുറിച്ച് മനസ്സി ലാക്കി രക്ഷാപ്ര വർത്തനങ്ങളിൽ ഏർപ്പെടാൻ പഠി താക്കളെ ബോധ വാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യ ങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കു കയും അഗ്നിശമനസേനാ ഉദ്യോഗ സ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്ര വർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കു കയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. സഹജീവികളോട് സമഭാവന വളർത്തിയെടു ക്കാൻ പ്രോത്സാഹി പ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം: പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവ രാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ | | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സ്വരൂപിച്ച സാധനസാമഗ്രികൾ ദുര ന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | | | |
| 6. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക്: സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവി ജ്ഞാനം വളർത്താൻ സഹായി ക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോ ത്തരവേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7. മുഗൾ ഭരണകാ ലത്തെ വിവിധ മേഖലകളിലു ണ്ടായ സമന്വയ ത്തെക്കുറിച്ച് വിജയ നഗര ഭരണകാ ലത്തെ സാംസ്കാ രിക സംഭാവനകൾ അറിയുക. | ഡിജിറ്റൽ ആൽബം തയ്യാറാക്കി അയയ്ക്കുന്നു. | ഒരു മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ACADEMC MASTER PLAN

# 2025 – 26

## H S – MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയം ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ-ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യ വാരം തുടർ പ്രവർത്തനം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. ഗണിതശാസ്ത്ര ആശയങ്ങളുടെ പൂർണ്ണമായ ദൃശ്യവത്കരണം, ഗണിത ശാസ്ത്രത്തിലുള്ള താല്പര്യം വർദ്ധിപ്പുക്കുക ഗണിത ഭയം ഇല്ലാതാക്കുക. | ഗണിതക്ലബ്ബ് രൂപീകരണം | ജൂൺ 3-ാം വാരം | ഗണിത അധ്യാപകർ | |
| 3. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 4. സർഗാത്മക കണ്ടുപിടിത്ത കഴിവുകൾ വികസിപ്പിക്കുക ഗണിതശാസ്ത്ര ആശയങ്ങളുടെ സ്വതന്ത്രമായ കൈമാറ്റം | ഗണിതക്യാമ്പ് | ആദ്യടേമിൽ ഒന്ന് | ഗണിതക്ലബ്ബ് അധ്യാപകർ പൂർവ്വവിദ്യാർത്ഥികൾ | |
| 5. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുത്തൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | മാസത്തിൽ ഒന്ന് | ഗണിതക്ലബ്ബ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ഉപയോഗം | തുടർപ്ര വർത്തനം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 7. ഗണിതത്തെ നിത്യജീവിതവുമായ ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | അധ്യയന വർഷത്തിൽ രണ്ട് | ഗണിതക്ലബ്ബ് അധ്യാപകർ പി.ടി.എ | |
| 8. ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതക്വിസ്,<br>പോസ്റ്റർ മേക്കിംഗ്, ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ,<br>ചാർട്ട് നിർമ്മാണം,<br>ഗണിതം പ്രകൃതിയിൽ – ചർച്ച<br>ജൂൺ 19 –<br>പാസ്കൽ ദിനം<br>ജൂലൈ 22 –<br>പൈ അപ്രോക്സിമേഷൻ ഡേ<br>ഗണിതമൂല<br>ഡിസംബർ 22 – ഗണിത ദിനം<br>മാർച്ച് 14 – പൈ ദിനം | ഗണിതപാഠ ഭാഗത്തെ അടിസ്ഥാന പ്പെടുത്തി ഗണിതപ്രാധാന്യമുള്ള തീയതികൾ അടിസ്ഥാന മായി തുടർപ്ര വർത്തനം | ഗണിതക്ലബ്ബ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 9. ഗണിതാശയങ്ങൾ, നിർമ്മിതികൾ ഇവ അനായാസമായി ചെയ്യുന്നതിന്/മനസ്സിലാക്കുന്നതിന് | ജിയോജിബ്രാ സങ്കേതങ്ങൾ ഉപയോഗിച്ചുള്ള ഗണിതപഠനം | പാഠഭാഗത്തെ അടിസ്ഥാനമാക്കിയുള്ള തുടർപ്രവർത്തനം | അധ്യാപകർ | |
| 10. ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ/ വിലയിരുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | ഗണിതപ്രദർശനം ഗണിതമാഗസിൻ നിർമ്മാണം | സെപ്തംബർ/ ഒക്ടോബർ മാസത്തിൽ | ഗണിതക്ലബ്ബ് അധ്യാപകർ | |
| 11. അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ്മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | പാഠാസൂത്രണം, വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ചർച്ചകൾ | അക്കാദമിക വർഷത്തിലെ തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, അധ്യാപകർ | |
| 12. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | കുട്ടികൾ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകർ ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിൽ | അധ്യാപകർ | |

# ACADEMC MASTER PLAN
# 2025 – 26
## U P – MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു.<br>ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. | **ഗണിത ശില്പശാല**<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ്കാർഡ്)<br>ജ്യാമിതിപ്പെട്ടിയുടെ ഉപയോഗം മനസ്സിലാക്കാൻ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, വിവിധ പാറ്റേണുകൾ നിർമ്മിക്കൽ | ജൂൺ | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ജാപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധരൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ, പട്ടികപ്പെടുത്തൽ, പ്രദർശനം സങ്കൽപ്പിക്കൽ | വർഷത്തിൽ ഒരു പ്രവാശ്യം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്<br>പി.ടി.എ |

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **ഗണിതലാബ്**<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിതക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിതാധ്യാപകരും, ഗണിതക്ലബ്ബ് അംഗങ്ങളും | ഗണിത ക്ലബ്ബ് |
| ഗണിതം മധുരമാക്കൽ<br>ഗണിതപഠനം ലളിതമാക്കൽ | **ഗണിതപ്പാർക്ക്**<br>വിദ്യാലയമുറ്റത്ത് ഗണിതപ്പാർക്ക് സജ്ജമാക്കൽ<br>സംഖ്യാലോകം മനസ്സിലാക്കൽ<br>സംഖ്യാകേളി<br>വലിയ സംഖ്യകൾ വായിക്കാനുള്ള ശേഷി നൽകൽ | ജൂലയ് | ഗണിതാധ്യാപകരും, ഗണിതക്ലബ്ബ് അംഗങ്ങളും | ഗണിത അധ്യാപകർ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ചിത്രങ്ങളിൽ നിന്നും ഗുണനക്രിയയും, ഹരണക്രിയയും എളുപ്പമാർഗ്ഗത്തിൽ ചെയ്യുന്നതിന് മനസ്സിലാക്കൽ<br>ഗണിതകേളി, ഗ്രൂപ്പ് പ്രവർത്തനങ്ങൾ | ആഗസ്റ്റ് | ഗണിത അധ്യാപകർ | പി.ടി,എ എസ്. ആർ.ജി |
| ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർധിപ്പിക്കൽ | • ഗണിത അധ്യാപകരുടെ ഒത്തുചേരൽ<br>• ഗണിതപ്രാവീണ്യമുള്ള അധ്യാപകരം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ നൽകുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി സാധ്യകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഇതുപോലുള്ള പ്രവർത്തനങ്ങൾ, ചതുഷ്ക്രിയ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്കെത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിതാധ്യാപകരും സമർത്ഥരായ കുട്ടികളും | ഗണിത അധ്യാപകർ എസ്.ആർ.ജി |
| കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിന് കഴിയുന്നു. | • വിവിധവസ്തുക്കൾ നൽകി ഭാഗങ്ങളാക്കൽ<br>• അര, കാൽ, മുക്കാൽ തുടങ്ങിയ ആശയങ്ങൾ, ഗോളങ്ങളാക്കിയതിലൂടെ തിരിച്ചറിയൽ<br>• ചിത്രങ്ങൾ നൽകി ഭിന്നസംഖ്യകൾ തിരിച്ചറിയൽ, ക്ലോക്കിലെ സമയങ്ങൾ വായിക്കാൻ സാധിക്കുക | ഒക്ടോബർ<br>നവംബർ | ഗണിത അധ്യാപകർ | പി.ടി,എ |

| | | | | |
|---|---|---|---|---|
| | • വർക്ക് ഷീറ്റിലൂടെയും, പ്രവർത്തനങ്ങളിലൂടെയും, സമയത്തെ മാറ്റാനുള്ള ശേഷി, കലണ്ടറിൽ നിന്നും മാസങ്ങളെക്കുറിച്ചും, വർഷങ്ങളെക്കുറിച്ചും കൂടുതൽ മനസ്സിലാക്കൽ, ചിത്രസഹായത്തോടെയുള്ള പഠനം, അളവുകളെ ഭിന്നസംഖ്യാരൂപത്തിലും, ദശാംശരൂപത്തിലും എഴുതാനുള്ള വർക്ക് ഷീറ്റുകൾ | | | |
| വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങൾ നിശ്ചിത ദിവസത്തിൽ നടത്തുന്നു. | വർഷം മുഴുവൻ | ഗണിത അധ്യാപകർ | എസ്. ആർ.ജി |

# ACADEMC MASTER PLAN

## UP – BASIC SCIENCE

## സാങ്കേതിക സൗഹൃദ വിദ്യാഭ്യാസം

അവധിക്കാലത്ത് സ്കൂളിലെ നിലവിലുള്ള ഉപകരണങ്ങളുടെ കാര്യക്ഷമത പരിശോധിക്കുക. എല്ലാ അധ്യാപകരും ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക. 5, 6, 7 ക്ലാസുകളിലെ IT പാഠപുസ്തകം ക്ലാസുകളിൽ കൃത്യമായി വിനിമയം ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും സമ്പൂർണ്ണ പ്ലസിൽ എന്റർ ചെയ്യുകയും ചെയ്യുക.
താൽപര്യമുള്ള കുട്ടികൾ Atal linekering lab സൗകര്യം കൃത്യമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

AI Teacher പോലെയുള്ള നൂതന സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുക.

## ഗവേഷണപ്രവർത്തനങ്ങൾ

ശാസ്ത്രമേളക്കും BRC തല പ്രോജക്ട് മത്സരങ്ങൾക്കും കുട്ടികളെ പ്രാപ്തരാക്കുക.

ഓരോ യൂണിറ്റിന്റെയും ക്വസ്റ്റ്യൻ ബാങ്ക് കുട്ടികൾ സ്വയം തയ്യാറാക്കുക. പരസ്പരം കൈമാറി വിലയിരുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങ ളിൽ നിന്നും ചുറ്റുപാടു കളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറി യൽ | ജൈവവൈവിദ്ധ്യ പാർക്ക്, ഔഷധ ത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോ ദ്യാനം, കുളം, ജൈവവേലി, മുള കൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ | ജൂൺ ജൂലയ് | ശാസ്ത്രാ ധ്യാപകർ | സ്കൂളിന്റെ വ്യത്യസ്തമായ സാമ്പത്തിക ഉറവിടങ്ങൾ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താൻ ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം<br>കാവുകൾ സന്ദർശിക്കാൻ<br>പുഴയെ അറിയാൻ യാത്രകൾ | ജൂൺ ജൂലയ് | | |
| ശാസ്ത്ര പ്രക്രിയ ശേഷി വർദ്ധിപ്പിക്കുക<br>ആധുനിക ശാസ്ത്രോ പകരണങ്ങൾ കൈകാര്യം ചെയ്യാ നുള്ള കഴിവ് വർദ്ധിപ്പി ക്കുക. | **മാസ്റ്റർ മൈൻഡ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് ഇവ യുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രോ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാ റാക്കി റിപ്പോർട്ട് അവതരിപ്പിക്കാ നുള്ള അവസരം നൽകുക. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപ കർ<br>ഊർജ്ജ ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | |
| | **എക്സ്പോ**<br>ആധുനമിക ശാസ്ത്ര ലോകത്ത് വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| | **ശാസ്ത്രവിസ്മയ ചുമർ** ശാസ്ത്രത്തിന്റെ പുതിയ കണ്ടെത്തലുകളും വിസ്മയങ്ങളും | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് | ശാസ്ത്രക്ലബ്ബ് |
| നാം നിത്യേന ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ അവയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ എന്നിവ പരീക്ഷണനിരീക്ഷണത്തിലൂടെ മനസ്സിലാക്കുന്നു. | നാം കഴിക്കുന്ന ഭക്ഷണത്തിൽ അന്നജം ഉണ്ടോ എന്നറിയാനുള്ള പരീക്ഷണം Iodine Test | ജൂൺ | ശാസ്ത്രാധ്യാപിക | ശാസ്ത്രക്ലബ്ബ് |
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ദിനാചരണം | • പ്രാഥമികാരോഗ്യ കേന്ദ്രം സന്ദർശനം<br>• പോസ്റ്റർ നിർമ്മാണം<br>• വൃക്ഷത്തൈ നടീൽ<br>• ക്വിസ് പ്രോഗ്രാം<br>• ബോധവത്കരണം | ജൂലൈ | ഹെൽത്ത് ക്ലബ് ശാസ്ത്ര ക്ലബ്ബ് | |
| രോഗം പരക്കുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ രോഗം പരത്തുന്ന ജീവികൾ (രോഗാണുവാഹകർ) എന്നിവയെ തിരിച്ചറിയൽ | ആരോഗ്യ വിദഗ്ധരുമായി മുഖാമുഖം.<br>സമീപത്തെ ഹെൽത്ത് ക്ലബ്ബ്, ആരോഗ്യപ്രവർത്തകർ എന്നിവരുടെ ക്ലാസ്സ്, അഭിമുഖം എന്നിവ സംഘടിപ്പിക്കുന്നു. | ജൂലൈ | ഹെൽത്ത് ക്ലബ് ശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | **ഫ്ളാഷ് മോബ്**<br>ആരോഗ്യശീലങ്ങൾ ശുചിത്വശീല ങ്ങൾ എന്നീ ആശയങ്ങൾ ഉൾപ്പെടു ത്തി ക്കൊണ്ടുള്ള ഫ്ളാഷ് മോബ്<br>ഡ്രൈഡേ ആചരണം വീട്ടിലെയും സ്കൂൾ  പരിസരങ്ങളിലെയും കൊതുക് പെരുകുന്നത് തടയുന്ന തിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കുക | | | |
| | **ബോധവത്കരണ ക്ലാസ്സ്**<br>ലഹരിക്കെതിരെയും രോഗപ്രതിരോ ധത്തിന് വാക്സിനുകളുടെ ആവശ്യ കത എന്നിവ ഉൾക്കൊള്ളിച്ചുള്ള ബോധവത്കരണ ക്ലാസ്സ് | അക്കാദമിക വർഷം | JRC<br>Scout<br>ശാസ്ത്ര ക്ലബ്ബ്<br>ഹെൽത്ത് ക്ലബ | |